**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2576** **12-02-2020-ൽ മറുപടിക്ക്**

## എക്സ്പീരിയൻസ് എത്ത്നിക് കൃസിൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**,, മുഹമ്മദ് മുഹസിൻ പി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ പരമ്പരാഗത വിഭവങ്ങളുടെ രുചി വിദേശസഞ്ചാരികളടക്കമുള്ളവർക്ക് പരിചയപ്പെടുത്തുന്നതിനായി "എക്സ്പീരിയൻസ് എത്ത്നിക് കൃസിൻ " എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | കേരളത്തിന്റെ പരമ്പരാഗത ഭക്ഷണവും പ്രാദേശിക രുചിഭേദങ്ങളും പരമ്പരാഗതമായി ഭക്ഷണം തയ്യാറാക്കുന്ന രീതികളും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'എക്സ്പീരിയൻസ് ലോക്കൽ/എത്തിക് കൃസിൻ പദ്ധതി' . |
| (ബി) | വീട്ടമ്മമാരുടെ കൈപ്പുണ്യം കൊണ്ടുണ്ടാക്കുന്ന സ്വാദേറിയ നാടൻ വിഭവങ്ങൾ വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിന് ഈ പദ്ധതി മുഖേന കഴിയുമോ; വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ ഓരോ പ്രദേശത്തെയും പ്രാദേശിക വിഭവങ്ങളും നാടൻ ഭക്ഷണവും വിനോദ സഞ്ചാരികൾക്ക് വൃത്തിയായും, മിതമായ വിലയിലും പ്രാദേശിക ഭവനങ്ങളിൽ ലഭ്യമാക്കുക എന്നുള്ളതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | നാടൻ സഞ്ചാരികൾക്ക് ഏതുപ്രദേശത്ത് യാത്ര പോകുമ്പോഴും ആ പ്രദേശത്തെ രുചികരമായ നാടൻ ഭക്ഷണം ലഭ്യമാകുന്നതിനുള്ള സൗകര്യം ഒരുക്കുമോ; വ്യക്തമാക്കുമോ; | (സി) | കേരളത്തിലുടനീളം സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് കേരളത്തിലെ എല്ലാഭാഗത്തും മിതമായ വിലയിലും, വൃത്തിയും വെടിപ്പുമുള്ള പ്രാദേശിക ഭവനങ്ങളിൽ രുചിഭേദങ്ങളും പരമ്പരാഗത ഭക്ഷണവും ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഈ പദ്ധതി വഴി ഒരുക്കുകയാണ് ആർ.ടി. മിഷൻ ചെയ്യുന്നത്. |

| | | | | |
|---|---|---|---|---|
| . | (ഡി) | പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചും പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ വിശദമാക്കുമോ? | (ഡി) | പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ആർ.ടി. മിഷൻ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത്, പ്രിൻറ് എടുത്ത് പൂരിപ്പിച്ച് FSSAI രജിസ്ട്രേഷൻ/ ലൈസൻസ് പകർപ്പ് ഉൾപ്പെടെയുള്ള ആവശ്യമായ അനുബന്ധ രേഖകളോടെ ആർ.ടി. മിഷന്റെ ജില്ല ഓഫീസിലോ സംസ്ഥാന മിഷൻ ഓഫീസിലോ സമർപ്പിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകളുടെ വെരിഫിക്കേഷനും യൂണിറ്റ് പരിശോധനയും കഴിഞ്ഞതിനു ശേഷം ആർ.ടി. മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്യുന്നതായിരിക്കും. രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്ക് നൽകുന്ന ലോഗിൻ ഐഡിയും പാസ്സ് വേഡും ഉപയോഗിച്ച് ഓരോ യൂണിറ്റുകൾക്കും തങ്ങൾ നൽകുന്ന ഡിഷുകൾ, അതിന്റെ വില, അളവ് / എണ്ണം എന്നിങ്ങനെയുള്ള വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. വെബ്സൈറ്റ്, ബുക്കിംഗ് പ്ലാറ്റ്ഫോം എന്നിവ നിലവിൽ വരുന്നതോടെ സഞ്ചാരികൾക്ക് ഓൺലൈൻ ആയി ആവശ്യമായ ഭക്ഷണം ഓർഡർ ചെയ്യാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**